പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3383 — 14.03.2017 ൽ മറുപടിയ്ക്ക്

# കെ.എ.എസ്.രൂപീകരണത്തിൽ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ആശങ്കകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ശശി | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) കെ.എ.എസ്. രൂപീകരിക്കുന്നതിനെതിരെ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ആശങ്കകൾ എന്തെല്ലാം എന്നും ഇവയിൽ വസ്തുതകൾ ഉണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ; | (എ) സെക്രട്ടേറിയറ്റിനെകൂടി ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച് 18.08.2016 ൽ രൂപീകൃതമായ സെക്രട്ടറിമാരുടെ കമ്മിറ്റി ജീവനക്കാരുടെ ആശങ്കകൾ സംബന്ധിച്ച് നവംബർ 17, 18, 19 തീയതികളിൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി. തുടർന്ന് 13.01.2017 ൽ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സംഘടനകളുമായി മുഖ്യമന്ത്രിയും 15.02.2017 ൽ ചീഫ് സെക്രട്ടറിയും ചർച്ച നടത്തുകയുണ്ടായി. നടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുക, തസ്തികകൾ ഇല്ലാതാക്കുക എന്നിവ സർക്കാർ നയമല്ല എന്ന ബഹു.മുഖ്യമന്ത്രിയുടെ പ്രസ്താവനയും ഒപ്പം പ്രൊമോഷൻ സാദ്ധ്യതയും ഐ.എ.എസ്. സാദ്ധ്യതയും കൂടുതലായി ലഭിക്കുമെന്ന മുഖ്യമന്ത്രിയുടെ ഉറപ്പും നൽകിയിട്ടും സമരം ചെയ്യുന്ന ജീവനക്കാരുടെ സംഘടനകളുമായി മുഖ്യമന്ത്രിയും മുഖ്യമന്ത്രി നിയോഗിച്ച ഉന്നത ഉദ്യോഗസ്ഥരും സംസാരിച്ചിട്ടും പലവിധ നിസ്സഹകരണ സമരം തുടരുന്ന ജീവനക്കാർക്കെതിരെ എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നെന്ന് വ്യക്തമാക്കാമോ? | (ബി) പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്